'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5688 02.07.2019 ൽ മറുപടിയ്ക്ക്

വനവൽക്കരണ പരിപാടികൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ) | സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ മൂലം സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സാമൂഹ്യവനവൽക്കരണ വിഭാഗം വനത്തിനു പുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേക്കായി ഹരിതകേരളം , എന്റെ മരം, നമ്മുടെ മരം , വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ എല്ലാം തന്നെ ഫലപ്രദവും തൻമൂലം അതു വഴി വൃക്ഷസമ്പത്ത് വർദ്ധിക്കാൻ ഇടയായിട്ടുമുണ്ട്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. |

<table>
<tr><td></td><td></td><td></td><td>പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ വനം വകുപ്പ് വിവിധ പദ്ധതികൾ മുഖേന വിതരണം ചെയ്യുന്ന വൃക്ഷത്തൈകളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവ് ഉണ്ടായി എന്ന് ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യയുടെ 2017 ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ 10 വർഷത്തിനിടയിൽ സംസ്ഥാനത്ത് വനവിസ്തൃതിയിൽ ഉണ്ടായ കുറവ്/വർദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>കേരള വനം വകുപ്പിന്റെ വർഷാവർഷ ഭരണ റിപ്പോർട്ടുകൾ പ്രകാരം കേരളത്തിലെ വനവിസ്തൃതി സംബന്ധിച്ച കണക്കുകൾ ചുവടെ കൊടുക്കുന്നു.
<table>
<tr><th>വർഷം</th><th>വിസ്തൃതി</th></tr>
<tr><td>2008-09</td><td>11309.4754</td></tr>
<tr><td>2009-10</td><td>11309.4754</td></tr>
<tr><td>2010-11</td><td>11309.4754</td></tr>
<tr><td>2011-12</td><td>11309.4754</td></tr>
<tr><td>2012-13</td><td>11309.4754</td></tr>
<tr><td>2013-14</td><td>11309.4754</td></tr>
<tr><td>2014-15</td><td>11309.4754</td></tr>
<tr><td>2015-16</td><td>11309.4754</td></tr>
<tr><td>2016-17</td><td>11524.411</td></tr>
</table>
2017-18 വർഷത്തെ കണക്കുകൾ പ്രസിദ്ധീകരണത്തിന് തയ്യാറായിക്കൊണ്ടിരിക്കുന്നു</td></tr>
<tr><td>(സി)</td><td>മൂന്ന് കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം മൂന്ന് കോടി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി 48 കോടി രൂപ ചിലവ് വരുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് 14 കോടി രൂപ തൈ ഉൽപ്പാദനത്തിനായി അനുവദിച്ചതിൽ 11.15 കോടി ലഭ്യമായി. ആ തുക ഉപയോഗിച്ച് 2018-19 വർഷത്തിൽ 67.28 ലക്ഷം തൈകൾ ഉൽപാദിപ്പിക്കുവാൻ സാധിച്ചു.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് നാഷണൽ ഹൈവേ വികസനത്തിനും മറ്റ് പ്രധാന റോഡുകളുടെ വികസനത്തിനായും മരങ്ങൾ മുറിച്ചുനീക്കിയതിന് പകരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് നാഷണൽ ഹൈവേ വികസനത്തിനും മറ്റ് പ്രധാന റോഡുകളുടെ വികസനത്തിനായും മരങ്ങൾ മുറിച്ചുനീക്കിയതിന് പകരമായി പത്തിരട്ടി മരങ്ങൾ വച്ചു പിടിപ്പിയ്ക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകാറുണ്ട്. കഴക്കൂട്ടം-മുക്കോല ബൈപാസ് നിർമ്മാണത്തിനായി മുറിച്ചുമാറ്റിയ വൃക്ഷങ്ങൾക്കു പകരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) അനുവദിച്ച തുക ഉപയോഗിച്ച് കഴക്കൂട്ടം സൈനിക സ്കൂൾ ക്യാമ്പസിലും, ഗ്രീൻ ഫീൽഡ് സ്റ്റേഡിയം എന്നിവിടങ്ങളിൽ 21.8 ഹെക്ടർ സ്ഥലത്ത് 34000 തദ്ദേശീയ വൃക്ഷത്തൈകൾ നട്ടു വളർത്തി പരിപാലിച്ച് വരുന്നുണ്ട്. കോഴിക്കോട്ട് വെങ്ങളം -രാമനാട്ടുകര നാഷണൽ ഹൈവേ വീതി കൂട്ടുന്നതിന്റെ ഭാഗമായി മുറിച്ചു മാറ്റുന്ന 2354 മരങ്ങളുടെ പത്തിരട്ടി വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനായി ദേശീയ പാതാ അതോറിറ്റി 80 ലക്ഷം രൂപ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറിയിട്ടുള്ളതും, കോഴിക്കോട് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തുടർ നടപടി സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ